# ഗ്രാമ ന്യായാലയ ഇരിട്ടി, പായം

സാന്നിദ്ധ്യം: *Sri.Mohamed Mausoom. P. T. , BA LL.B (H)*
ന്യായാധികാരി
തീയ്യതി: **2026 ഏപ്രിൽ 16 / 1948 ചൈത്രം 26**

---

## M.C. No. 12/2024

| | |
|---|---|
| ഹർജിക്കാരി | : ഷഫീന മങ്ങലോടൻ<br>D/o.അബ്ദുൾ ഖാദർ, വയസ്സ് 32,<br>മങ്ങലോടൻ ഹൗസ്,<br>മണ്ണൂർ, ആറളം.പി.ഒ<br>(ആറളം പോലീസ് സ്റ്റേഷൻ പരിധി)<br>***(ഹർജിക്കാരിക്കു വേണ്ടി<br>അഡ്വ.മനു.എം.തോമസ് &<br>അഡ്വ.സനേഷ്.പി.കെ )*** |
| എതൃകക്ഷികൾ | :1. ഷഫീർ.എം.കെ<br>S/o ഉമ്മർകുട്ടി, വയസ്സ് 36<br>മർവ്വ ഗാർഡൻസ്, മണക്കായി<br>കയനി പി.ഒ<br><br>2. ഉമ്മർകുട്ടി<br>വയസ്സ് 60<br>-do-<br><br>3. നസീറ.എം.കെ<br>വയസ്സ് 52<br>-do-<br><br>4. സജാദ്.എം.കെ<br>S/o ഉമ്മർകുട്ടി, വയസ്സ് 23<br>-do-<br>(മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധി)<br><br>***(എതൃകക്ഷികൾക്കു വേണ്ടി<br>അഡ്വ.സജീവൻ.പി.കെ )*** |

# ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം, 2005ലെ *(ഇനി മുതൽ '**2005ലെ നിയമം**' )* 12ാം, വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ് മേൽ അപേക്ഷ.

**2.** <u>അപേക്ഷയുടെ ഉള്ളടക്കത്തിന്റെ സംക്ഷിപ്ത രൂപം</u> :-

ഒന്നാം എതൃകക്ഷി ഹർജിക്കാരിയുടെ ഭർത്താവും മറ്റു എതൃകക്ഷികൾ ക്രമേണ ഹർജിക്കാരിയുടെ ഭർത്താവിന്റെ പിതാവും, മാതാവും, സഹോദരനുമാണ്. ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും 04.11.2010ന് വിവാഹിതരായതും, മേൽ വിവാഹബന്ധത്തിൽ രണ്ട് കുട്ടികളുമുണ്ട്. വിവാഹശേഷം എതൃകക്ഷികളുടെ വീട്ടിലാണ് താമസിച്ചിരുന്നത്. വിവാഹശേഷം പെട്ടെന്നു തന്നെ ഹർജിക്കാരിയോടുള്ള ഒന്നാം എതൃകക്ഷിയുടെ സ്വഭാവത്തിൽ മാറ്റം വരികയും, ശാരീരികമായും മാനസികമായും ഉപദ്രവിക്കുന്നത് പതിവാക്കുകയും, മറ്റ് എതൃകക്ഷികൾ ഇതിന് കൂട്ടുനിൽക്കുകയും ചെയ്യു. മാതാപിതാക്കളും ബന്ധുക്കളും വിവാഹസമ്മാനമായി തന്ന 40(നാൽപത്) പവൻ സ്വർണ്ണാഭരണങ്ങൾ മുഴുവൻ ഒന്നാം എതൃകക്ഷി വിൽക്കുകയും, വീണ്ടും സ്വർണ്ണവും പണവും ഹർജിക്കാരിയുടെ വീട്ടിൽ നിന്നും കൊണ്ടുവരുവാൻ ആവശ്യപ്പെടുകയും, ആയതിനു തയ്യാറാവാതിരുന്നപ്പോൾ എതൃകക്ഷികൾ ശാരീരികമായും മാനസികമായും പീഡിപ്പിക്കുകയും, പീഡനം സഹിക്കാൻ വയ്യാതെ അറിയിച്ചപ്പോൾ, വീട്ടുകാർ വീണ്ടും 10(പത്ത്) പവൻ സ്വർണ്ണാഭരണങ്ങൾ കൂടി ഹർജിക്കാരിക്ക് നൽകുകയും ആയത് ഹർജിക്കാരിയുടെ കയ്യിൽ നിന്നും ഒന്നാം എതൃകക്ഷി ബലമായി പിടിച്ചെടുത്ത് തന്റെ കൈവശമാക്കുകയും ചെയ്യു. തുടർന്നും പണം ആവശ്യപ്പെട്ട് എതൃകക്ഷികൾ ശാരീരികവും മാനസികവുമായ പീഡനങ്ങൾ തുടരുകയും ചെയ്യു.

**3.** 21.05.2021 തീയ്യതി വീട്ടുകാരുടെ കൈയിൽ പണം ഇല്ല എന്ന് ഹർജിക്കാരി ഒന്നാം എതൃകക്ഷിയോട് പറഞ്ഞപ്പോൾ, ക്രൂരമായി മർദ്ദിക്കുകയും വായിൽ നിന്നും മൂക്കിൽ നിന്നും ചോര വരികയും ചെയ്തു. മർദ്ദനം തുടർന്നപ്പോൾ ഹർജിക്കാരി വീട്ടിൽ വിളിച്ചു പറയുകയും, വീട്ടുകാർ മട്ടന്നൂർ ജോലി ചെയ്യുന്ന അടുത്ത ബന്ധുവായ റഷീദ് എന്നയാളോട് കാര്യങ്ങൾ അന്വേഷിക്കാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ റഷീദ് ഹർജിക്കാരിയുടെ അടുത്ത് എത്തുകയും മൂക്കിലും വായിലും ചോരയുമായി നിന്നിരുന്ന ഹർജിക്കാരിയെ ഉടൻതന്നെ അവിടെനിന്നും കൂട്ടി ഹോസ്പിറ്റലേക്ക് പോവാൻ തുടങ്ങുമ്പോൾ, *'ഹോസ്പിറ്റലിൽ പോവുകയോ പോലീസ് സ്റ്റേഷനിൽ പരാതികൊടുക്കുകയോ ചെയ്താൽ നിന്റെ കുഞ്ഞുങ്ങൾ ഇവിടെയാണ് ഉള്ളത് അവരെ ഞാൻ വെച്ചേക്കില്ല എന്നത് ഓർമ്മിച്ചോ. ഇനി നീ ഇവിടെ നിന്നാൽ നിന്നെ കൊല്ലും'* എന്ന് പറഞ്ഞ് ഹർജിക്കാരിയെ എതൃകക്ഷികൾ വീട്ടിൽ നിന്ന് ഇറക്കി വിട്ടു. മക്കളെ എതൃകക്ഷികൾ ഉപദ്രവിക്കും എന്ന ഭയത്താൽ അടുത്ത ദിവസം തന്നെ ഹർജിക്കാരി എതൃകക്ഷിയുടെ വീട്ടിലേക്ക് പോവുകയും ചെയ്തു.

**4.** 09.01.2023 തീയ്യതി ഹർജിക്കാരിയുടെ മാതാപിതാക്കളിൽ നിന്നും Rs.10,00,000/- (പത്ത് ലക്ഷം രൂപ) വാങ്ങിക്കണമെന്ന് രണ്ടു മുതൽ നാലുവരെ എതൃകക്ഷികൾ ആവശ്യപ്പെട്ടത് ഹർജിക്കാരി തയ്യാറാവാതിരുന്നപ്പോൾ ഒന്നാം എതൃകക്ഷി നാട്ടിൽ ഇല്ലാതിരുന്ന സമയം, മറ്റ് എതൃകക്ഷികൾ ഹർജിക്കാരിയെ വീട്ടിൽ നിന്ന് അടിച്ചു പുറത്താക്കുകയും ചെയ്തു. ആയതിനുശേഷം ഇന്നേവരെ തന്റെ മക്കളെ കാണാനോ സംസാരിക്കുവാനോ എതൃകക്ഷികൾ സമ്മതിക്കുന്നില്ല. ഹർജിക്കാരി തന്റെ മക്കളെ കാണാനായി വീണ്ടും എതൃകക്ഷികളുടെ വീട്ടിലേക്ക് പോയപ്പോൾ എതൃകക്ഷികൾ വീട്ടിൽ നിന്നും ഹർജിക്കാരിയെ തള്ളിപുറത്താക്കുകയും ഇനി

ഇങ്ങോട്ട് വന്നാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഒന്നാം എതൃകക്ഷി ഹർജിക്കാരിയുടെ അമ്മക്കെതിരെ, ഹർജിക്കാരി വീട്ടുതടങ്കലിലാണ് വേണ്ട നടപടികൾ എടുത്തുതരണമെന്ന് ആവശ്യപ്പെട്ട് ബഹു: കേരളാ ഹൈക്കോടതി മുമ്പാകെ ***W.P.(Cr)192/2024*** ഹർജി ഫയൽ ചെയ്യുകയും, ആയത് കളവാണെന്ന് ബോധ്യപ്പെട്ട ബഹു: ഹൈക്കോടതി Rs.10,000/- (പതിനായിരം രൂപ) അമ്മയ്ക്ക് നൽകുവാനും ഉത്തരവായിട്ടുള്ളതുമാണ്. ഒരു ലക്ഷത്തിലധികം മാസവരുമാനമുള്ള ഒന്നാം എതൃകക്ഷി, ഹർജിക്കാരിയുടെ സംരക്ഷണത്തിനും ചിലവിനുമായി യാതൊന്നും നൽകുന്നില്ല. ഹർജിക്കാരി ഇപ്പോൾ മാതാപിതാക്കളുടെ കൂടെയാണ് താമസം. ഹർജിക്കാരിയെ എതൃകക്ഷികൾ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ഒരു സംരക്ഷണ ഉത്തരവും, ഒന്നാം എതൃകക്ഷിയിൽ നിന്നും പ്രതിമാസം Rs.10,000/-(പതിനായിരം രൂപ) ചിലവിനും, നഷ്ടപരിഹാരമായി എതൃകക്ഷികളിൽ നിന്നും Rs.15,00,000/- (പതിനഞ്ച് ലക്ഷം രൂപ), ഹർജിക്കാരിയിൽ നിന്നും എതൃകക്ഷികൾ വാങ്ങിച്ചു കൊണ്ടുപോയ 50 പവൻ സ്വർണ്ണാഭരണങ്ങൾ തിരിച്ചു നൽകുവാനോ അല്ലാത്തപക്ഷം ആയതിന്റെ വിലയായ Rs.20,00,000/- (ഇരുപത് ലക്ഷം രൂപ) നൽകുവാൻ എതൃകക്ഷികളോട് കൽപ്പിച്ചുകൊണ്ട് ഉത്തരവിനുമാണ് അപേക്ഷ.

**5.** ഹർജി ഫയലിൽ സ്വീകരിച്ച് എതൃകക്ഷികൾക്ക് നോട്ടീസ് അയച്ചു. തുടർന്ന് എതൃകക്ഷികൾ കോടതി മുമ്പാകെ ഹാജരായി മറുപടി ആക്ഷേപം ബോധിപ്പിച്ചു.

**6.** മറുപടി ആക്ഷേപത്തിലെ പ്രസക്തമായ വസ്തുതകളുടെ സംക്ഷിപ്ത രൂപം:-

ഒന്നാം എതൃകക്ഷിയുടെ ഭാര്യയാണ് ഹർജിക്കാരിയെന്നും, രണ്ട് കുട്ടികൾ ജനിച്ചിട്ടുണ്ടെന്നും സമ്മതിക്കുന്നു. *Habeas Corpus* ഹർജി

ഫയൽ ചെയ്തുകൊണ്ട് എതൃകക്ഷികൾ ബഹു:ഹൈക്കോടതിയെ സമീപിച്ചതും സമ്മതിക്കുന്നു. *(അപേക്ഷയിലെ മറ്റ് പ്രസ്താവനകൾ എതിർഭാഗം പ്രത്യേകം നിരാകരിച്ചു)* കേസ് ബോധിപ്പിക്കുന്നതിനായി ഗാർഹിക പീഡന ആരോപണങ്ങളെല്ലാം സൃഷ്ടിക്കപ്പെട്ടതാണ്. ഹർജിക്കാരിയുടെ അധാർമിക ജീവിതം കാരണമാണ് ദാമ്പത്യ ജീവിതം തകർന്നത്. ഹർജിക്കാരി ഒന്നാം എതൃകക്ഷിയേയും, കുട്ടികളേയും ഉപേക്ഷിച്ചതിനെ തുടർന്ന്, സ്വന്തം താൽപ്പര്യങ്ങൾക്കായി വേർപിരിഞ്ഞ് താമസിക്കുന്നതായി വിവരിച്ച് ഒന്നാം എതൃകക്ഷി ഒരു *Habeas Corpus* ഹർജി ***[W.P.(Cr) 192/2024]*** ബോധിപ്പിക്കുകയും, ഹർജിക്കാരി സ്വന്തം ഇഷ്ടപ്രകാരം വേറിട്ട് താമസിക്കുകയാണെന്ന് അവിടെ ബോധിപ്പിച്ചതിൽ, ആയത് ബഹു:ഹൈക്കോടതി Rs.10,000/- (പതിനായിരം രൂപ) ചിലവായി ചുമത്തി തള്ളുകയും ചെയ്തു. തന്റെ കുട്ടികളെ ഹർജിക്കാരി പരിപാലിക്കുന്നില്ലെന്ന് ഒന്നാം എതൃകക്ഷിക്ക് മനസ്സിലായപ്പോൾ, കുട്ടികളുടെ ക്ഷേമ സമിതി മുമ്പാകെയും, ജില്ലാ പോലീസ് സൂപ്രണ്ട് മുമ്പാകെയും ഒരു ഹർജി സമർപ്പിച്ചു. പരാതിക്കാരി തങ്ങൾക്കെതിരെ സ്വീകരിച്ച ക്രൂരതയാണ് രണ്ട് കുട്ടികളും അവിടെ തുറന്നു പറഞ്ഞത്. കാമുകനൊപ്പം ജീവിക്കുന്നതിനായി ഈ ബന്ധം വേർപെടുത്തുക എന്നതാണ് ഹർജിക്കാരിയുടെ യഥാർത്ഥ ഉദ്ദേശ്യം. തുടർന്ന് പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ഇടക്കാല രക്ഷാകർതൃത്വം ലഭിക്കുന്നതിനായി ഹർജിക്കാരി ***'OP 719/2024'*** എന്ന നമ്പറിൽ ബഹു: കുടുംബ കോടതിയിൽ ഒരു ഹർജി സമർപ്പിച്ചു, അത് പരിഗണനയിലാണ്. ഹർജിക്കാരി കാമുകനൊപ്പമാണ് താമസിക്കുന്നതെന്നും, കോടതിയിൽ അവരുടെ കാമുകനൊപ്പമാണ് വരുന്നതെന്നും ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ അവർ കൊച്ചിയിലാണ് ഒരുമിച്ച് താമസിക്കുന്നത്. എറണാകുളത്ത് ജോലി ചെയ്യുന്നതിനാൽ കേസ് വാദിക്കാൻ ഹർജിക്കാരി ബഹു:തലശ്ശേരിയിലെ കുടുംബ കോടതിയിൽ ഒരു മുക്ത്യാർ നൽകിയിട്ടുണ്ട്. തന്റെ പരിപാലനത്തിന് ആവശ്യമായ വരുമാനം നേടുന്നുണ്ടെന്ന്

നിഗമനം ചെയ്യാൻ മുകളിലുള്ള വാദം പര്യാപ്തമാണ്. അതേസമയം പ്രതിയും കുട്ടികളും അമ്മയിൽ നിന്ന് പരിചരണവും സംരക്ഷണവും ലഭിക്കാതെ വേറിട്ടാണ് താമസിക്കുന്നത്. ഒന്നാം എതൃകക്ഷിക്കും കുട്ടികൾക്കും ഒപ്പം താമസിക്കാൻ തനിക്ക് താൽപ്പര്യമുണ്ടെന്ന് ഹർജിക്കാരിക്ക് ഒരു കേസില്ല. ഹർജിക്കാരിയുടെ Account Statement ഹാജരാക്കിയിട്ടുണ്ടെങ്കിൽ, പ്രതിമാസം ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്നുണ്ടെന്ന് തെളിയിക്കപ്പെടും. പ്രതിഭാഗത്തെ അപേക്ഷിച്ച് ഗണ്യമായ വരുമാനം നേടുന്നതിനാൽ, ജീവനാംശം ആവശ്യപ്പെടാൻ അവർക്ക് അവകാശമില്ല.

**7.** ഹർജിക്കാരിയിൽ നിന്നും സ്വർണ്ണാഭരണങ്ങൾ ലഭിക്കുന്നതിനായി ***'OP 942/2024'*** പ്രകാരം തലശ്ശേരിയിലെ കുടുംബ കോടതിയിൽ പ്രതിഭാഗം ഒരു ഹർജി നൽകിയിട്ടുണ്ടെന്ന് സമർപ്പിക്കുന്നു. അപേക്ഷയിൽ വിവരിച്ചിരിക്കുന്നതുപോലെ ഒന്നാം എതൃകക്ഷി നിരവധി സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിക്ക് സമ്മാനമായി നൽകിയിട്ടുണ്ട്. ഹർജിക്കാരി BPL വിഭാഗത്തിൽപെട്ടവരായതിനാൽ സ്വർണ്ണാഭരണങ്ങൾ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. വിവാഹത്തിനു ശേഷവും വിദ്യാഭ്യാസം തുടരാൻ എതൃകക്ഷികൾ അനുവദിച്ചിട്ടുണ്ട്. ഒന്നാം എതൃകക്ഷിക്ക് ജോലിയോ വരുമാനമോ ഇല്ല. എന്നാൽ ഹർജിക്കാരി കൊച്ചിയിൽ ഒരു പ്രശസ്തമായ കമ്പനിയിൽ ജോലി ചെയ്യുകയും പ്രതിമാസം ഒരു ലക്ഷം രൂപ വരുമാനം നേടുകയും ചെയ്യുന്നു. ആയതിനാൽ മേൽ അപേക്ഷ ചിലവ് സഹിതം തള്ളി ഉത്തരവാകേണ്ടതുണ്ട്.

**8**. കേസ് തെളിയിക്കുന്നതിനായി ഹർജി ഭാഗം തെളിവിലേക്കായി ഹർജിക്കാരിയെ **PW1** ആയും ഹർജിക്കാരിയുടെ പിതാവിനെ **PW2** ആയും വിസ്തരിച്ചു, **Ext.P1** മുതൽ **Ext.P4** രേഖകൾ മാർക്ക്

ചെയ്തു. എതിർഭാഗം ഹാജരാക്കിയ **Ext.D1** രേഖ PW1 മുഖാന്തരം മാർക്ക് ചെയ്തു. എതിർഭാഗം മറ്റു തെളിവുകൾ ഒന്നും ഹാജരാക്കിയില്ല.

9. <u>മേൽ വ്യവഹാരത്തിന്റെ അന്തിമ നിർണ്ണയത്തിനായി താഴെ പറയുന്ന പോയിന്റുകൾ പരിഗണിച്ചു</u>:-

*(i) ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും 'ഗാർഹിക പീഡനം' അതിജീവിക്കേണ്ടി വന്നിട്ടുണ്ടോ?*

*(ii) അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം എതൃകക്ഷികൾ പീഢിപ്പിക്കുന്നത് തടഞ്ഞ് 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരമുള്ള ഒരു സംരക്ഷണ ഉത്തരവിന് ഹർജിക്കാരി അർഹയാണോ?*

*(iii) അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം ഹർജിക്കാരിക്ക് പ്രതിമാസം Rs.10,000/-(പതിനായിരം രൂപ) ചിലവിന് നൽകുവാൻ ഒന്നാം എതൃകക്ഷിയോട് കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവിന് ഹർജിക്കാരി അർഹയാണോ?*

*(iv) അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം ഹർജിക്കാരിക്ക് നഷ്ടപരിഹാരമായി Rs.15,00,000/- (പതിനഞ്ച് ലക്ഷം രൂപ) എതൃകക്ഷികളോട് നൽകുവാൻ കൽപ്പിച്ചുകൊണ്ടുള്ള ഒരു ഉത്തരവിന് ഹർജിക്കാരി അർഹയാണോ?*

*(v) അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം എതൃകക്ഷികൾ വാങ്ങിച്ചു കൊണ്ടുപോയ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിക്ക് തിരിച്ചുനൽകുവാനോ അല്ലാത്തപക്ഷം ആയതിന്റെ വിലയായ Rs.20,00,000/-(ഇരുപത് ലക്ഷം രൂപ) ഹർജിക്കാരിക്ക് തിരികെ നൽകുവാൻ കൽപ്പിച്ചുകൊണ്ടുള്ള ഒരു ഉത്തരവിന് ഹർജിക്കാരി അർഹയാണോ ?*

*(vi) എന്ത് ഉത്തരവുകളാണ് പുറപ്പെടുവിക്കേണ്ടത് ?*

**10.** ഹർജിഭാഗം അഭിഭാഷകന്റെ വാദം കേട്ടു. എതിർഭാഗം അഭിഭാഷകൻ തന്റെ വാദങ്ങൾ രേഖാമൂലം ബോധിപ്പിച്ചു.

11. അപേക്ഷയും അതോടനുബന്ധിച്ച് ബോധിപ്പിച്ച സത്യവാങ്മൂലവും, മറ്റു രേഖകളും പരിശോധിച്ചു.

12. **<u>പോയിന്റ് (i) & (ii)</u>** :- സൗകര്യാർത്ഥം മേൽ പോയിന്റുകൾ ഒരുമിച്ച് പരിഗണിക്കുന്നതാണ്. ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നുവെന്നും, ആകയാൽ എതൃകക്ഷികൾ ഹർജിക്കാരിയെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ഒരു സംരക്ഷണ ഉത്തരവ് ലഭിക്കണം എന്നുമാണ് അപേക്ഷയിലെ പ്രധാന നിവൃത്തി. ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിൽ നിലനിന്നിരുന്ന വിവാഹബന്ധവും, ഇരുകക്ഷികളും തമ്മിൽ നിലനിന്നിരുന്ന ഗാർഹിക ബന്ധുത്വവും തർക്കത്തിലില്ല. പ്രസ്തുത വിവാഹബന്ധത്തിൽ രണ്ട് കുട്ടികൾ ജനിച്ചിട്ടുള്ളതാണ് എന്നതും തർക്കത്തിലില്ല. ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിൽ മുസ്ലീം മതാചാരപ്രകാരം നിലനിന്നിരുന്ന പ്രസ്തുത വിവാഹബന്ധം വേർപ്പെടുത്തിയതായി അപേക്ഷയിലോ മറുപടിയിലോ ബോധിപ്പിച്ചിട്ടില്ലെങ്കിലും, ഹർജിക്കാരി 'ഖുലാ' മുഖാന്തരം ഏകപക്ഷീയമായി വിവാഹബന്ധം വേർപെടുത്താനുള്ള നടപടികൾ കൈകൊണ്ടുവെന്ന് തെളിവിൽ നിന്നും വ്യക്തമാണ്. 'ഖുലാ' നോട്ടീസ് സംബന്ധിച്ച് ഹർജിക്കാരിയോടു എതിർവിസ്താരത്തിൽ ചോദിച്ചപ്പോൾ *'ഞാൻ (Khula) നോട്ടീസ് അയച്ച കാര്യം കോടതിയെ ബോധിപ്പിക്കാതിരിക്കാൻ പ്രത്യേകിച്ച് കാരണമൊന്നുമില്ല. നോട്ടീസ് ഇപ്പോഴും എന്റെ കയ്യിലുണ്ട്. കോടതിയിൽ ഹാജരാക്കാൻ തയ്യാറാണ്.'* എന്നാണ് PW1 മൊഴി നൽകിയത്. എന്നാൽ പ്രസ്തുത നോട്ടീസ് ഹർജിഭാഗം ഹാജരാക്കിയിട്ടില്ലാത്തതിനാലും, അപേക്ഷയിൽ വ്യക്തമായി പ്രസ്താവിക്കാത്തതിനാലും, ഏത് തിയ്യതി ആണ് ഹർജിക്കാരി 'ഖുലാ' നടപടികൾ ആരംഭിച്ചതെന്നോ, ഏത് തീയ്യതി ആണ് 'ഖുലാ' നടപടികൾ പൂർത്തിയാക്കി പ്രസ്തുത വിവാഹബന്ധം വിച്ഛേദിച്ചതെന്നോ മനസ്സിലാകാൻ സഹായിക്കുന്ന

യാതൊന്നും തന്നെ കോടതി മുമ്പാകെ ഇല്ല. ഇപ്രകാരം വിവാഹബന്ധം വേർപ്പെടുത്തിയത് മേൽ അപേക്ഷ ബോധിപ്പിച്ചതിന് ശേഷം ആണെങ്കിൽ, ആയത് കോടതിയെ അറിയിക്കാനോ, തെളിവിലേക്ക് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനുള്ള നടപടികളോ ഹർജിഭാഗം കൈക്കൊണ്ടിട്ടില്ല.

**13.** ഇനി തനിക്ക് അതിജീവിക്കേണ്ടി വന്ന ഗാർഹിക പീഡനകൃത്യങ്ങൾ സംബന്ധിച്ച് PW1 നൽകിയ തെളിവുകൾ പരിശോധിക്കേണ്ടതുണ്ട്. വിവാഹശേഷം പെട്ടെന്നുതന്നെ ഒന്നാം എതൃകക്ഷിയുടെ സ്വഭാവത്തിൽ മാറ്റം വരികയും, ഹർജിക്കാരിയെ മാനസികമായും ശാരീരികകമായും ഉപദ്രവിക്കുന്നത് പതിവാക്കി എന്നും, ആയതിനു മറ്റു എതൃകക്ഷികൾ കൂട്ട് നിൽക്കുകയാണ് ചെയ്തതെന്നുമാണ് PW1 തെളിവ് നൽകിയത്. 21.05.2021 തീയ്യതി പണം ആവശ്യപ്പെട്ടു തന്നെ പീഡിപ്പിച്ച സംഭവം ഹർജിക്കാരി പ്രത്യേകം അപേക്ഷയിലും പിന്നീട് നൽകിയ തെളിവ് സത്യവാങ്മൂലത്തിലും പരാമർശിക്കുന്നുണ്ട്. ആയത് പ്രകാരം ഒന്നാം എതൃകക്ഷിയുടെ ശാരീരിക പീഡനത്തെ തുടർന്ന് തന്റെ വായിലും മൂക്കിലും നിന്ന് ചോര വരികയും ചെയ്തു എന്നാണ് തെളിവ് നൽകിയത്. എന്നാൽ ഈ സംഭവം സംബന്ധിച്ച് എതിർവിസ്താരത്തിൽ PW1നോട് ചോദ്യം ഉന്നയിക്കുകയുണ്ടായി. *'21.05.2021 തിയ്യതിയാണ് എന്നെ മൂക്കിലടിച്ചത് എന്ന് പറഞ്ഞാൽ ശരിയാണ്. ഈ സമയത്ത് ഭർത്താവ് നാട്ടിലുണ്ട് . ഭർത്താവാണ് എന്നെ മൂക്കിലടിച്ചത്.... മൂക്കിലടിച്ച സംഭവം നടന്ന ദിവസം തന്നെ ഞാൻ എൻറെ വീട്ടിലേക്ക് തിരിച്ചു പോയി. എൻറെ ഭർത്താവിൻറെ നാലാമത്തെ അനിയൻ എൻറെ വീട്ടിൽ കൊണ്ടുവിടുകയായിരുന്നു. എൻറെ ഭർത്താവിൻറെ കാറിലാണ് ഞാൻ വീട്ടിലേക്ക് തിരിച്ചു പോയത്. പിന്നീട് മൂന്നുദിവസം കഴിഞ്ഞ് ഭർത്താവ് എന്നെ തിരിച്ചു വീട്ടിലേക്ക് കൂട്ടിക്കൊണ്ട് വരുകയാണ് ചെയ്തത്.'* എന്നാണ് PW1 തെളിവ് നൽകിയത്. എന്നാൽ ഹർജിക്കാരിയുടെ ഈ വാക്കാലുള്ള തെളിവ്, അപേക്ഷയിലെ തന്റെ പ്രസ്താവനകളിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. താൻ മൂക്കിലിടിച്ച സംഭവത്തെ

തുടർന്ന് തന്റെ വീട്ടുകാരെ അറിയിക്കുകയും, തന്റെ ബന്ധുവായ 'റഷീദ്' എന്നയാൾ എതൃകക്ഷികളുടെ വീട്ടിൽ വന്നു ഹോസ്പിറ്റലിൽ കൊണ്ട് പോകാൻ ഒരുങ്ങിയപ്പോൾ എതൃകക്ഷികൾ ഭീഷണിപ്പെടുത്തി ഇറക്കി വിട്ടു എന്നുമാണ് അപേക്ഷയിൽ ആദ്യം പ്രസ്താവിച്ചത്. മാത്രവുമല്ല, തന്റെ കുട്ടികളെ എതൃകക്ഷികൾ ഉപദ്രവിക്കുമെന്ന ഭയത്താൽ അടുത്ത ദിവസം തന്നെ സ്വയം തിരികെ എതൃകക്ഷിയുടെ വീട്ടിലേക്ക് വന്നുവെന്ന് പ്രസ്താവിച്ച ഹർജിക്കാരി, പ്രസ്തുത സംഭവം നടന്ന് മൂന്ന് ദിവസം കഴിഞ്ഞ് ഭർത്താവ് വീട്ടിലേക്ക് തിരിച്ച് കൂട്ടിക്കൊണ്ടു വന്നു എന്നും തെളിവ് നൽകിയിട്ടുണ്ട്. PW1ന്റെ ഈ വൈരുദ്ധ്യങ്ങൾ വിശദീകരിക്കാൻ ഹർജിഭാഗത്തിന് സാധിച്ചിട്ടില്ല. തുടർന്ന് ഇത് സംബന്ധിച്ച് വീണ്ടും എതിർഭാഗം വിസ്തരിച്ചതിൽ താൻ ആദ്യം നൽകിയ തെളിവിന് തീർത്തും വിരുദ്ധമായി *'ഇടിച്ച സംഭവം ഉണ്ടായ ശേഷം എൻറെ അകന്ന ബന്ധുവായ റഷീദ് വീട്ടിൽ ഞാൻ വിളിച്ചു പറഞ്ഞത് പ്രകാരം എന്നെ കൂട്ടിക്കൊണ്ടുപോയി എന്ന് പറഞ്ഞാൽ ശരിയാണ്. റഷീദ് ഭർത്താവിൻറെ കാറിലാണ് പോയത്.'* എന്നാണ് PW1 തെളിവ് നൽകിയത്. ആയതിനാൽ PW1ന്റെ വാക്കാലുള്ള തെളിവുകൾ കൂടുതൽ ആഴത്തിൽ പരിശോധിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്.

**14.** അപേക്ഷയിലെ മറ്റൊരു പ്രസ്താവന 09.01.2023 തീയ്യതി പണം ആവശ്യപെട്ട് രണ്ട് മുതൽ നാല് വരെ എതൃകക്ഷികൾ തന്നെ പീഡിപ്പിച്ചുവെന്നും, പണം നൽകാൻ തയ്യാറാവാത്തതിനെ തുടർന്ന് അന്നേ ദിവസം തന്നെ വീട്ടിൽ നിന്നും ഹർജിക്കാരിയെ അടിച്ച് പുറത്താക്കുകയും ചെയ്തു എന്നാണ്. എന്നാൽ പ്രസ്തുത സംഭവത്തിന് ശേഷം നടന്ന കാര്യങ്ങൾ അപേക്ഷയിൽ പ്രസ്താവിച്ചിട്ടില്ല. ആകെ ബഹു: കേരള ഹൈക്കോടതി മുമ്പാകെ ഒന്നാം എതൃകക്ഷി നൽകിയ 'Writ' ഹർജിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ് സമർപ്പിച്ചത്. എന്നാൽ എതിർഭാഗം തെളിവിൽ പ്രത്യേകം തുടർന്നുള്ള കാര്യങ്ങളെ കുറിച്ച് ചോദ്യം

ഉന്നയിക്കുകയുണ്ടായി. *'പിന്നീട് ഭർത്താവുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല എന്ന് പറഞ്ഞാൽ ഇരിട്ടിയിൽ വന്ന് എന്നെ കാണാറുണ്ടായിരുന്നു. നിരവധി തവണ ഞാൻ ഭർത്താവിനെ ഇരിട്ടിയിൽ വച്ച് കണ്ടിട്ടുണ്ടെന്ന് പറഞ്ഞാൽ ശരിയാണ്. രണ്ടുപേരും പരസ്പരം പറഞ്ഞു തീരുമാനിച്ചാണ് അപ്രകാരം കാണാറുള്ളത്. വള്ളിത്തോടുള്ള സൂര്യ എന്ന ഹോട്ടലിൽ ഞങ്ങൾ താമസിച്ചിട്ടുണ്ട്.'* എന്നാണ് PW1 തെളിവ് നൽകിയത്. കടുത്ത ശാരീരിക മാനസിക പീഡനങ്ങൾ അതിജീവിക്കേണ്ടി വന്നുവെന്നും, ആയതിനാൽ എതൃകക്ഷികളുടെ വീട് വിട്ടിറങ്ങി സ്വന്തം വീട്ടിലേക്ക് തിരികെ പോകാൻ നിർബന്ധിതയായി എന്നും പറയുന്ന ഹർജിക്കാരി, ഇത്തരത്തിൽ മറ്റു എതൃകക്ഷികളോ, സ്വന്തം മാതാപിതാക്കളോ ബന്ധുക്കളോ പോലും അറിയാതെ ഒന്നാം എതൃകക്ഷിയുമായി നിരന്തരം ബന്ധം നിലനിർത്തി വന്നതും, ആയത് അപേക്ഷയിൽ ബോധിപ്പിക്കാതെ മന:പൂർവ്വം മറച്ചുവെച്ചതും ഹർജിഭാഗത്തിന്റെ വാദങ്ങളെ സഹായിക്കുന്നില്ല. ഈ സാഹചര്യങ്ങൾ ഒന്നും തന്നെ ഹർജിഭാഗം അഭിഭാഷകന് അന്തിമ ഘട്ടത്തിൽ വിശദീകരിക്കാനും സാധിച്ചിട്ടില്ല.

**15.** എന്നാൽ ഈ അപേക്ഷയുടെ അടിസ്ഥാനം ഹർജിക്കാരിക്ക് ഗാർഹിക പീഡനങ്ങൾ അതിജീവിക്കേണ്ടി വന്ന കാരണത്താൽ അല്ലാ എന്നും, ഹർജിക്കാരിക്ക് മറ്റൊരു വ്യക്തിയുമായി വിവാഹേതര ബന്ധം ഉണ്ടെന്നും, ആ വ്യക്തിയുമായി കൊച്ചിയിൽ ഒരുമിച്ച് താമസിച്ചു വരികയാണെന്നും, കുട്ടികളെ നിലവിൽ പിതാവായ ഒന്നാം എതൃകക്ഷി ആണ് സംരക്ഷിക്കുന്നത് എന്നുമാണ് എതിർഭാഗം ഉന്നയിച്ച മറുവാദം. കുട്ടികൾ നിലവിൽ ഒന്നാം എതൃകക്ഷിയുടെ സംരക്ഷണത്തിൽ ആണെന്ന വസ്തുത ഹർജിഭാഗം അന്തിമ വാദത്തിൽ പോലും നിരാകരിച്ചിട്ടില്ല. മാത്രവുമല്ല അപേക്ഷയിൽ തനിക്ക് വേണ്ടി മാത്രമാണ് ഹർജിക്കാരി ജീവനാംശം ആവശ്യപ്പെട്ടത് എന്നതും പരിഗണിച്ചാൽ നിലവിൽ കുട്ടികൾ പിതാവായ ഒന്നാം എതൃകക്ഷിയുടെ സംരക്ഷണത്തിൽ ആണെന്ന് സുരക്ഷിതമായി

അനുമാനിക്കാം. ഇനി കൊച്ചിയിൽ ഹർജിക്കാരി വേറിട്ട് താമസിക്കുന്നത് സംബന്ധിച്ചും, ഹർജിക്കാരിയുടെ ജോലി സംബന്ധിച്ചും, വിവാഹേതര ബന്ധം സംബന്ധിച്ചും എതിർഭാഗം സാക്ഷികളെ ഒന്നും വിസ്തരിച്ചിട്ടില്ലെങ്കിലും, Ext.D1 രേഖ ഹാജരാക്കുകയുണ്ടായി. ബഹു: തലശ്ശേരി കുടുംബ കോടതി മുമ്പാകെ ഹർജിക്കാരി വിവാഹമോചനത്തിനായി ബോധിപ്പിച്ച വ്യവഹാരം തുടരുവാൻ തന്റെ സഹോദരനെ മുക്ത്യാർ ആയി നിയമിച്ചു ഒപ്പിട്ട് നടപ്പിലാക്കിയ രേഖയുടെ സാക്ഷ്യപകർപ്പാണ് Ext.D1. 17.08.2024 തീയ്യതി നോട്ടറി മുമ്പാകെ എഴുതി ഒപ്പിട്ട് നടപ്പിലാക്കിയ (Executed) പ്രസ്തുത മുക്ത്യർനാമ പ്രകാരം ഹർജിക്കാരിക്കു എറണാകുളത്തുള്ള ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലിയുണ്ട് എന്നും, ആയതിനാൽ നേരിട്ട് ഹാജരാകുവാൻ സാധിക്കില്ലെന്നും, തന്റെ സഹോദരനെ ഇക്കാരണത്താൽ മുക്ത്യാർ ആയി നിയമിക്കുകയാണ് എന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്. അതേ സമയം അപേക്ഷയിലും തന്റെ ആസ്തി-ബാധ്യത വിവരണങ്ങൾ അടങ്ങിയ സത്യവാങ്മൂലത്തിലും ഹർജിക്കാരി തനിക്ക് ജോലിയോ മറ്റു വരുമാന മാർഗ്ഗങ്ങളോ ഇല്ലാ എന്ന് ബോധിപ്പിച്ചു കോടതിയിൽ നിന്നും തന്റെ ജോലിയും വരുമാനവും സംബന്ധിച്ച് പ്രധാന വസ്തുതകൾ മറച്ചുവെക്കുകയും ചെയ്തു എന്ന കാര്യം ഇത്തരുണത്തിൽ കോടതി നിരീക്ഷിക്കുന്നു. ഇതോടൊപ്പം PW1ന്റെ എതിർവിസ്താരത്തിലെ വാക്കാലുള്ള ചില തെളിവുകൾ കൂടി ചേർത്തു വായിക്കേണ്ടതുണ്ട്. *'ഞാൻ ഒരു കാമുകനോടൊപ്പം ഒളിച്ചോടി എന്ന ആരോപണം ഭർത്താവിന് ഉണ്ട്. അവരോടൊപ്പം ഞാൻ കൊച്ചിയിൽ ഒരുമിച്ച് താമസിക്കുകയാണ് എന്ന ആരോപണം എന്റെ ഭർത്താവിന് ഉണ്ടെന്ന് പറഞ്ഞാൽ ശരിയാണ്. ഞാൻ കൊച്ചിയിൽ താമസിച്ചിട്ടേയില്ല. Witness adds ഇടക്കാലത്ത് ഞാൻ ജോലി ആവശ്യാർത്ഥം പോയിരുന്നപ്പോൾ 15 ദിവസം കൊച്ചിയിൽ താമസിച്ചിരുന്നു.'* എന്ന് ആദ്യം തെളിവ് നൽകിയ ഹർജിക്കാരിയോട് പിന്നീട് Ext.D1 രേഖ ചൂണ്ടിക്കാട്ടി പ്രത്യേകം ചോദിച്ചതിൽ *'എറണാകുളത്ത് താമസിക്കുന്നത് കൊണ്ടാണ് ഞാൻ ഇപ്രകാരം Ext.D1 സഹോദരന് കൊടുക്കാൻ കാരണം. Ext.D1*

കൊടുക്കുന്ന സമയത്ത് മക്കളൊക്കെ ഭർത്താവിന്റെ വീട്ടിലാണെന്ന് പറഞ്ഞാൽ ശരിയാണ്. ഇപ്പോഴും മക്കളൊക്കെ ഭർത്താവിന്റെ വീട്ടിലാണ് താമസിക്കുന്നത് എന്ന് പറഞ്ഞാൽ ശരിയാണ് എന്ന് സമ്മതിക്കുകയായിരുന്നു. ഹർജിക്കാരിയുടെ പ്രസ്തുത തെളിവുകൾ എതിർഭാഗം വാദങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നു എന്ന് മാത്രമല്ല, ഹർജിക്കാരിയുടെ വാക്കാലുള്ള തെളിവുകൾ മാത്രം കോടതിക്കു തീർത്തും ആശ്രയിക്കാൻ ഉതകുന്നതല്ല എന്നാണ് ഈ കോടതിയുടെ അഭിപ്രായം.

**16.** മേൽ ഖണ്ഡികകളിൽ ചർച്ച ചെയ്ത കാര്യങ്ങളുടെയും, കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ, മേൽ വ്യവഹാരത്തിൽ ഉടനീളം എതൃകക്ഷി വ്യക്തമായ സ്ഥിരതയുള്ള ഒരു വാദമുഖമാണ് സ്വീകരിച്ചിട്ടുള്ളത് എന്നാണ് ഈ കോടതിയുടെ അഭിപ്രായം. എന്നാൽ ഹർജിഭാഗത്തിന് സ്ഥിരമായ ഒരു വാദമോ, ആയതിന് അനുകൂലമായ തെളിവുകളോ ഇല്ല എന്നും ഈ കോടതി അഭിപ്രായപ്പെടുന്നു. ആകയാൽ തന്നെ PW1ന്റെ വാക്കാലുള്ള തെളിവുകൾ എതൃകക്ഷികളുടെ പ്രസ്തുത വീട്ടിൽ ഒരുമിച്ച് താമസിക്കവെ എതൃകക്ഷികളാൽ ഹർജിക്കാരി ഗാർഹിക പീഡനം അതിജീവിച്ചു എന്ന് <u>പരിപൂർണ്ണമായി സ്ഥാപിക്കാൻ</u> പര്യാപ്തമല്ല എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ഹർജിക്കാരി എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നിട്ടില്ല എന്ന് ഇക്കാരണത്താൽ കണ്ടെത്തുന്നു. ഇപ്രകാരം **പോയിന്റ്**(i) ഹർജിക്കാരിക്ക് എതിരായി കണ്ടെത്തുന്നു.

**17.** ഗാർഹിക പീഡനം നടന്നു എന്ന് <u>നിശ്ചയമായും</u> ഈ കോടതിക്ക് ബോധ്യപ്പെട്ടിട്ടില്ലെങ്കിൽ കൂടിയും, 2005ലെ നിയമത്തിന്റെ വിശാലമായ സാമൂഹിക ലക്ഷ്യങ്ങൾ മുൻനിർത്തിയും, എതൃകക്ഷികൾ <u>പ്രഥമദൃഷ്ട്യാ</u> മാത്രം ഗാർഹിക പീഡനം നടന്നിട്ടുണ്ടാകാം എന്ന സാധ്യത കൂടി

പരിഗണിച്ച് മാത്രം, ആവശ്യപ്പെട്ട പ്രകാരമുള്ള ഒരു സംരക്ഷണ ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ പ്രത്യേകിച്ച് എതൃകക്ഷികൾക്ക് യാതൊരു കഷ്ടനഷ്ടവും ഉണ്ടാകില്ല എന്നാണ് കോടതിയുടെ അഭിപ്രായം. 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരം ഒരു ഉചിതമായ സംരക്ഷണ ഉത്തരവ് അനുവദിക്കുന്നതിന് ഗാർഹിക പീഡനം നടന്നുവെന്ന് പ്രഥമ ദൃഷ്ട്യാ മാത്രം സ്ഥാപിച്ചാൽ മതി, പരിപൂർണ്ണമായും നടന്നുവെന്ന് കോടതിക്കു ബോധ്യപ്പെടേണ്ടതില്ല. ഇത്തരുണത്തിൽ ബഹു:കേരള ഹൈക്കോടതിയുടെ ***Sudheer D. v. Anusha R. Nair 2025 (1) KLT SN 20*** എന്ന വിധിന്യായത്തിലെ ചില നിരീക്ഷണങ്ങൾ ചുവടെ ആവർത്തിക്കുന്നത് ഉചിതമായിരിക്കും:

*'20.തെളിവുകളുടെ മാനദണ്ഡം എന്നത് വ്യക്തമായും സാധ്യതകളുടെ മുൻതൂക്കം (Preponderance of Probabilities) ആണ്. വകുപ്പ് 18 പ്രകാരമുള്ള സംരക്ഷണ ഉത്തരവിനോ അല്ലെങ്കിൽ വകുപ്പ് 23 പ്രകാരമുള്ള ഏകപക്ഷീയമായ ഇടക്കാല ഉത്തരവിനോ ഒരു അപേക്ഷകയ്ക്ക് അർഹതയുണ്ടോ എന്ന് പരിഗണിക്കുമ്പോൾ, എതൃകക്ഷി ഗാർഹിക പീഡനം നടത്തി എന്നതിനെക്കുറിച്ച് പ്രഥമദൃഷ്ട്യാ (Prima facie) ബോധ്യപ്പെടുക എന്നത് മാത്രമാണ് നിയമപരമായ ആവശ്യം.'*

**18.** ആയതിനാൽ ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും ശാരീരിക ദുരുപയോഗത്തിന്റെയോ വാക്കാലും വൈകാരികമായുമുള്ള ദുരുപയോഗത്തിന്റെയോ പരിധിയിൽ വരുന്ന ഏതെങ്കിലും ഗാർഹിക പീഡന കൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും എതൃകക്ഷികളെ വിലക്കി ഉത്തരവാകുന്നു. ഇപ്രകാരം **പോയിന്റ്(ii)** ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തുന്നു.

**19. <u>പോയിന്റ് (iii)</u>:-** ഹർജിക്കാരിക്ക് പ്രതിമാസം Rs.10,000/- (പതിനായിരം രൂപ) ജീവനാംശമായി നൽകുവാൻ ഒന്നാം എതൃകക്ഷിയോട് കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കണമെന്നാണ് അപേക്ഷയിലെ മറ്റൊരു ആവശ്യം. പോയിന്റ്(i)ലെ കണ്ടെത്തൽ പ്രകാരം 2005ലെ നിയമത്തിലെ 20ാം വകുപ്പ് പ്രകാരം യാതൊരു നിവൃത്തി ലഭിക്കാനും ഹർജിക്കാരിക്ക് അർഹതയില്ല. മാത്രവുമല്ല *'ഖുല നോട്ടീസിന് ശേഷം എനിക്ക് ജീവനാംശം ആവശ്യമില്ല.'* എന്ന് ഹർജിക്കാരി തന്നെ കോടതി മുമ്പാകെ തെളിവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഖുലാ നടപടികൾ ഏത് തീയ്യതി ആണ് ആരംഭിച്ചതെന്നോ, ആയതിന്റെ വിശദാംശങ്ങളോ, രേഖകളോ കോടതി മുമ്പാകെ ഹർജിക്കാരി സമർപ്പിച്ചിട്ടില്ല. ആയതിനാൽ തന്നെ വിവാഹബന്ധം മുസ്ലീം മതാചാര പ്രകാരം വേർപെടുത്തിയതിന്റെ യാതൊരു വസ്തുതകളും കോടതി മുമ്പാകെ നിലവിലില്ല. ആയതിനാൽ ഹർജിക്കാരിക്ക് പ്രസ്തുത തീയ്യതി <u>വരെയുള്ള</u> ജീവനാംശം പോലും അനുവദിക്കാൻ കോടതിക്ക് സാധിക്കുകയുമില്ല. ആയതിനാൽ ഹർജിക്കാരിക്ക് ജീവനാംശമായി യാതൊരു തുകയും ലഭിക്കാൻ അർഹതയില്ലെന്ന് ഈ കോടതി കണ്ടെത്തുന്നു. ഇപ്രകാരം **പോയിന്റ്(iii)** ഹർജിക്കാരിക്ക് എതിരായി കണ്ടെത്തുന്നു.

**20. <u>പോയിൻറ്</u> (iv)**:- ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നതിന് ഹർജിക്കാരിക്ക് നഷ്ടപരിഹാരമായി Rs.15,00,000/- (പതിനഞ്ച് ലക്ഷം രൂപ) എതൃകക്ഷികളോട് നൽകുവാൻ കൽപ്പിച്ചുകൊണ്ടുള്ള ഒരു ഉത്തരവിനാണ് മറ്റൊരു നിവൃത്തി. **പോയിന്റ്(i)**ലെ കണ്ടെത്തൽ പ്രകാരം 2005ലെ നിയമത്തിലെ 22ാം വകുപ്പ് പ്രകാരം നഷ്ടപരിഹാരം ലഭിക്കാൻ നിയമാനുസരണം ഹർജിക്കാരിക്ക് അർഹതയില്ല. എതൃകക്ഷികളുടെ പ്രസ്തുത വീട്ടിൽ ഒരുമിച്ച് താമസിക്കവെ എതൃകക്ഷികളാൽ ഹർജിക്കാരി ഗാർഹിക പീഡനം അതിജീവിച്ചു എന്ന് <u>പരിപൂർണ്ണമായി സ്ഥാപിക്കുന്നതിൽ</u>

ഹർജിഭാഗം പരാജയപ്പെട്ട സ്ഥിതിക്ക്, നഷ്ടപരിഹാരമായി എന്തെങ്കിലും തുക ഹർജിക്കാരിക്ക് അനുവദിക്കുന്നത് ഉചിതവും ന്യായവും ആയിരിക്കില്ല എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ഇപ്രകാരം **പോയിന്റ്(iv)** ഹർജിക്കാരിക്ക് എതിരായി കണ്ടെത്തുന്നു.

**21. <u>പോയിൻറ്</u>** **(v):-** എതൃകക്ഷികൾ വാങ്ങിച്ചു കൊണ്ടുപോയ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിക്ക് തിരിച്ചുനൽകുവാനോ, അല്ലാത്തപക്ഷം ആയതിന്റെ വിലയായ Rs.20,00,000/- (ഇരുപത് ലക്ഷം രൂപ) ഹർജിക്കാരിക്ക് തിരികെ നൽകുവാൻ കൽപ്പിച്ചുകൊണ്ടുള്ള ഒരു ഉത്തരവോ പുറപ്പെടുവിക്കണം എന്നാണ് അപേക്ഷയിലെ അവസാന നിവൃത്തി. തന്റെ 40 പവൻ സ്വർണ്ണാഭരണങ്ങൾ ഒന്നാം എതൃകക്ഷി വിൽപ്പന നടത്തിയെന്നും, വീണ്ടും സ്വർണ്ണവും പണവും ആവശ്യപ്പെട്ടു തന്നെ എതൃകക്ഷികൾ പീഡിപ്പിച്ചുവെന്നും, ആയതിൽ തന്റെ വീട്ടുകാർ 10 പവന്റെ സ്വർണ്ണാഭരണങ്ങൾ കൂടി നൽകിയതും ഒന്നാം എതൃകക്ഷി ബലമായി പിടിച്ചെടുത്ത് എന്നുമാണ് PW1 തെളിവ് നൽകിയത്. PW1ന്റെ വാക്കാലുള്ള തെളിവുകൾ മാത്രം ആശ്രയിച്ച് നിവൃത്തികൾ അനുവദിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ പോയിന്റ്(i) ചർച്ച ചെയ്തപ്പോൾ ആദ്യമേ വിശദീകരിച്ചതാണ്. ആയത് കൂടാതെ വിവാഹസമയത്ത് 40(നാൽപ്പത്) പവനോളം സ്വർണ്ണാഭരണങ്ങൾ വാങ്ങുവാൻ ചിലവായ സ്രോതസ്സ് സംബന്ധിച്ച് എതിർഭാഗം വിസ്തരിച്ചപ്പോൾ *'വിവാഹസമയത്ത് ഇത്രയും സ്വർണാഭരണങ്ങൾ എങ്ങനെയാണ് ഉണ്ടായതെന്ന് ചോദിച്ചാൽ ഉപ്പയുടെ സ്വത്ത് വിറ്റിട്ടാണ് വാങ്ങിയത്.'* എന്നാണ് PW1 തെളിവ് നൽകിയത്. പിന്നീട് ഇത് സംബന്ധിച്ച് തെളിവ് നൽകാൻ ഹർജിക്കാരിയുടെ പിതാവിനെ PW2 ആയി കോടതി മുമ്പാകെ വിസ്തരിക്കുകയും, സ്വർണ്ണാഭരണങ്ങൾ വാങ്ങുവാൻ വേണ്ട പണം സ്വരൂപിച്ചത് സംബന്ധിച്ച് PW2 തെളിവ് നല്കുകയും ചെയ്തു, എന്നാൽ അപേക്ഷയിൽ വാദിക്കാത്ത വസ്തുതകൾ സംബന്ധിച്ച് പിന്നീട് തെളിവ് സമർപ്പിക്കുന്നത് ഈ

കോടതിക്ക് പരിഗണിക്കാൻ സാധിക്കില്ല. അപേക്ഷയിലെ നിവൃത്തികൾ അനുവദിക്കുന്നതിന് PW2ന്റെ വാക്കാലുള്ള തെളിവുകൾ അവലംബിക്കുന്നത് തെളിവ് നിയമത്തിലെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമാകുകയയും ചെയ്യും. ആയതിനാൽ PW2ന്റെ വാക്കാലുള്ള തെളിവുകൾ മേൽ വ്യവഹാരത്തിൽ ഹർജിഭാഗത്തെ സഹായിക്കുന്നില്ല.

**22.** ആയത് കൂടാതെ സ്വർണ്ണാഭരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ എല്ലാം തന്റെ കൈവശമുണ്ടെന്ന് PW1 തെളിവ് നൽകിയിരുന്നു. *'വിവാഹസമയത്ത് എനിക്ക് 40 പവൻ സ്വർണാഭരണങ്ങൾ ഉണ്ടായിരുന്നു എന്നതിന്റെ രേഖ കോടതിയിൽ ഹാജരാക്കുവാൻ തയ്യാറാണ്.'* എന്ന് ഹർജിക്കാരി തെളിവ് നൽകി എങ്കിലും, പ്രസ്തുത രേഖകൾ എന്തെങ്കിലും ഹാജരാക്കുവാൻ ഹർജിഭാഗം യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അവ ഹാജരാക്കാത്തതിന് കാരണം പ്രസ്തുത രേഖകൾ ഹാജരാക്കിയാൽ, അവ ഹർജിഭാഗം വാദങ്ങൾക്ക് തന്നെ ദോഷകരമാകും എന്നുള്ള കാരണത്താൽ ആണെന്ന് സുരക്ഷിതമായി അനുമാനിക്കാം. തനിക്ക് എതൃകക്ഷികളിൽ നിന്നും ലഭിച്ച സ്വർണ്ണാഭരണങ്ങൾ സംബന്ധിച്ച് ഹർജിക്കാരി അപേക്ഷയിൽ മൗനം പാലിച്ചത്, കോടതിയിൽ നിന്നും പ്രസക്തമായ വസ്തുതകൾ മറച്ചുവെക്കാൻ ആണ് എന്നുമാണ് കോടതിയുടെ അഭിപ്രായം. *'ഭർത്താവ് അഞ്ച് പവൻ മഹർ തന്നതും, ഭർത്താവിന്റെ ഉപ്പയും ഉമ്മയും ഓരോ വള വീതം തന്നതും ഹർജിയിൽ പറഞ്ഞിട്ടില്ല എന്ന് പറഞ്ഞാൽ ശരിയാണ്.'* എന്ന PW1ന്റെ തെളിവ് സൂചിപ്പിക്കുന്നതും അതു തന്നെയാണ്. ഇക്കാരണങ്ങൾക്ക് പുറമെ, **പോയിന്റ്(i)**ലെ കണ്ടെത്തൽ പ്രകാരം 2005ലെ നിയമത്തിലെ പരിഹാരങ്ങൾ ലഭിക്കാൻ നിയമാനുസരണം ഹർജിക്കാരിക്ക് അർഹതയില്ല. എതൃകക്ഷികളുടെ പ്രസ്തുത വീട്ടിൽ ഒരുമിച്ച് താമസിക്കവെ എതൃകക്ഷികളാൽ ഹർജിക്കാരി ഗാർഹിക പീഡനം അതിജീവിച്ചു എന്ന് പരിപൂർണ്ണമായി സ്ഥാപിക്കുന്നതിൽ

ഹർജിഭാഗം പരാജയപ്പെട്ട സ്ഥിതിക്ക്, സ്വർണ്ണാഭരണങ്ങൾ സംബന്ധിച്ചുള്ള എന്തെങ്കിലും പരിഹാരം അനുവദിക്കുന്നത് മേൽ കേസിലെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ ഉചിതവും ന്യായവും ആയിരിക്കില്ല എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ആയതിനാൽ എതൃകക്ഷികൾ വാങ്ങിച്ചു കൊണ്ടുപോയ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിക്ക് തിരിച്ചുനൽകുവാനോ, അല്ലാത്തപക്ഷം ആയതിന്റെ വിലയായ Rs.20,00,000/- (ഇരുപത് ലക്ഷം രൂപ) ഹർജിക്കാരിക്ക് തിരികെ നൽകുവാൻ കൽപ്പിച്ചുകൊണ്ടുള്ള ഒരു ഉത്തരവോ ലഭിക്കാൻ ഹർജിക്കാരിക്ക് അർഹത ഇല്ലെന്ന് ഈ കോടതി കണ്ടെത്തുന്നു. ഇപ്രകാരം **പോയിന്റ്(v)** ഹർജിക്കാരിക്ക് എതിരായി കണ്ടെത്തുന്നു.

**23. <u>പോയിന്റ് (vi)</u>:-** (i) മുതൽ (v) വരെയുള്ള പോയിന്റുകളിൽ ഈ കോടതി എത്തിചേർന്ന കണ്ടെത്തലുകളുടെയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ മേൽ അപേക്ഷ താഴേ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് കൽപനയായിരിക്കുന്നു:

**A.** ഹർജിക്കാരിക്കെതിരെ ശാരീരിക ദുരുപയോഗമോ, വാക്കാലും വൈകാരികമായുമുള്ള ദുരുപയോഗമോ ആയ ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ വരുന്ന ഏതെങ്കിലും പ്രവർത്തികൾ ചെയ്യുന്നതിൽ നിന്നും എതൃകക്ഷികളെ വിലക്കി ഉത്തരവാകുന്നു. ഈ സംരംക്ഷണ ഉത്തരവ് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ **18ാം വകുപ്പ്** പ്രകാരം ഉത്തരവാകുന്നു.

**B.** ആവശ്യപ്പെടുന്ന പക്ഷം ഹർജിക്കാരിക്ക് വേണ്ട സംരക്ഷണം നൽകാനും, ഗാർഹിക പീഡനം തടയുന്നതിനു വേണ്ട നടപടികൾ എടുക്കാനും ആറളം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസേറാട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

**C.** ഇരുകക്ഷികൾക്കും ഈ ഉത്തരവിന്റെ ഒരു ശരി പകർപ്പ് വീതം സൗജന്യമായി നൽകേണ്ടതാണ്.

**D.** ഈ ഉത്തരവിന്റെ ഒരു ശരി പകർപ്പ് വീതം സൗജന്യമായി ആറളം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, മട്ടന്നൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, കണ്ണൂർ ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർക്കും നൽകേണ്ടതാണ്.

**ന്യായാധികാരി**
**ഗ്രാമ ന്യായാലയ, ഇരിട്ടി, പായം**

## അനുബന്ധം

പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ:-

| | |
|---|---|
| PW1 | ഷഫീന മങ്ങലോടൻ |
| PW2 | അബ്ദുൾ ഖാദർ |

പ്രോസിക്യൂഷൻ ഭാഗം അടയാളപ്പെടുത്തിയ രേഖകൾ

| | |
|---|---|
| Ext.P1 | Marriage Certificate (Photocopy) PW1 മുഖേന തെളിവിൽ രേഖപ്പെടുത്തി |
| Ext.P2 | Certified Copy of FIR PW1 മുഖേന തെളിവിൽ രേഖപ്പെടുത്തി |

| | |
|---|---|
| Ext.P3 | Certified Copy of Final Report PW1 മുഖേന തെളിവിൽ രേഖപ്പെടുത്തി |
| Ext.P4 | Certified Copy of Deed PW2 മുഖേന തെളിവിൽ രേഖപ്പെടുത്തി |

<u>പ്രോസിക്യൂഷൻ ഭാഗം മുദ്ര ചെയ്യേണ്ട തൊണ്ടി സാധനങ്ങൾ: -ഇല്ല</u>

<u>എതൃകക്ഷി ഭാഗം സാക്ഷികൾ</u> :- ഇല്ല

<u>എതൃകക്ഷി ഭാഗം മുദ്ര ചെയ്യേണ്ട രേഖകൾ</u>:

| | |
|---|---|
| Ext.D1 | Certified copy of Power of Attorney PW1 മുഖേന തെളിവിൽ രേഖപ്പെടുത്തി |

( 2026 ഏപ്രിൽ 16 ആയ ഇന്നേ ദിവസം തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു. )

ന്യായാധികാരി

ഗ്രാമ ന്യായാലയ, ഇരിട്ടി, പായം